(സി) ഈ റോഡിന് അഞ്ചര കോടി രൂപയുടെ എസ്റ്റിമേറ്റിൽ മൂലപ്പാടം എന്ന സ്ഥലത്ത് ഒരു പാലത്തിനും തുക വകയിരുത്തിയിരുന്നു എങ്കിലും ടെൻഡറിൽ ഇതുൾപ്പെടാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പാലത്തിന്റെ ബോറിംഗ് ഉടൻ നടത്തി ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പണി തുടങ്ങി 2005 ഏപ്രിൽ മാസത്തോടെ പണി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി & ഡി) മൂലപ്പാടം പാലത്തിന് 150 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് റിപ്പോർട്ട് "നബാർഡ്" സഹായത്തിനായി സമർപ്പിച്ചിരുന്നെങ്കിലും "നബാർഡ്" അംഗീകാരം ലഭിക്കാത്തതിനാൽ പാലം പണിക്ക് ഭരണാനുമതി നൽകാനായില്ല. അതിനാൽ പാലം പണി ടെൻഡർ ചെയ്തിട്ടില്ല. പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പോലും ആയിട്ടില്ലാത്തതിനാലാണ് പാലം ഒഴിവാക്കി അനുമതി നൽകിയത്.

കുളത്തൂപ്പുഴ-പുനലൂർ റോഡ് വികസിപ്പിക്കുവാൻ പദ്ധതി

126 [1356] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ കുളത്തൂപ്പുഴ-പുനലൂർ റോഡ് വികസിപ്പിക്കുവാൻ പദ്ധതി ഉണ്ടോ;

(ബി) എങ്കിൽ ഏതു തരത്തിലുള്ള വികസന പ്രവർത്തനമാണ് നടപ്പിലാക്കുക;

(സി) അടങ്കൽ തുക എത്രയാണ്;

(ഡി) പ്രസ്തുത പണികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡിന്റെ ഹെവിമെയിന്റനൻസ് പണികളാണ് ഏറ്റെടുത്തിട്ടുള്ളത് (റോഡ് ഉപരിതലം ബലപ്പെടുത്തൽ, ഓട നിർമ്മാണം, റോഡിന്റെ വശം ബലപ്പെടുത്തൽ, റോഡ് സുരക്ഷാ സംവിധാനം, ട്രാഫിക് സൈൻബോർഡ് എന്നിവ).

LIBRARY ARCHIVES Kerala Legislative Assembly

(സി) 9.38 കോടി രൂപ.

(ഡി) പണികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

പാങ്ങോട്-കടയ്ക്കൽ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി

127 [1357] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം റോഡ്സ് സെക്ഷനിൽപ്പെട്ട പാങ്ങോട്-കടയ്ക്കൽ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആയതിലേക്കുവേണ്ട എസ്റ്റിമേറ്റ് തുക എത്രയാണ്; പ്രസ്തുത റോഡിന്റെ പണി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) പാങ്ങോട്-കടയ്ക്കൽ റോഡ് പണിക്കുള്ള എസ്റ്റിമേറ്റ് ഒരു കോടി 10 ലക്ഷം രൂപയാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പണിക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് കോർപ്പറേഷനിൽപ്പെട്ട പി. ഡബ്ല്യു. ഡി. റോഡുകൾ

128 [1358] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽപ്പെട്ട ഏതെല്ലാം റോഡുകളാണ് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന്റെ മുമ്പാകെ വല്ല നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. ഗോപാലസ്വാമി അയ്യങ്കാർ റോഡ്

2. ആനിഹാൾ റോഡ്

3. ഒ. ഇ. റ്റി. റോഡ്

LIBRARY ARCHIVES Kerala Legislative Assembly